സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## <u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡ് മരാമത്ത് ആഫീസുകളിലെ ക്രമീകരണം - അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഡ്യൂട്ടി വ്യവസ്ഥയിലെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5817/16/Est-I** നന്തൻകോട്, **14/3/2018**

---

പരാമർശം :- 12-03-2018 ലെ ബോർഡ് തീരുമാനം.

## <u>ഉത്തരവ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മരാമത്ത് വിഭാഗത്തിലെ ആഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വരഹിതമായ പ്രവർത്തനങ്ങളെപ്പറ്റി നിരവധി പരാതികൾ ഉയർന്നിട്ടുള്ളതും അടിയന്തിര പ്രാധാന്യമർഹിക്കുന്ന നിരവധി ഫയലുകൾ യഥാസമയം നടപടി സ്വീകരിക്കാതെ മരാമത്ത് വിഭാഗത്തിലെ വിവിധ ആഫീസുകളിൽ കെട്ടികിടക്കുന്ന അവസ്ഥയും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

പ്രസ്തുത സംഗതികൾക്ക് പരിഹാരമെന്ന നിലയിൽ ഉദ്യോഗസ്ഥതലത്തിൽ ചില ക്രമീകരണങ്ങൾ നടത്തുന്നതിനും ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കുന്നതുമടക്കമുള്ള ചില തീരുമാനങ്ങൾ എടുക്കുന്ന സംഗതി ബോർഡിന്റെ സജീവ പരിഗണനയിലാണ്. ആകയാൽ ഇതിനോടനുബന്ധിച്ച് ചുവടെ വിവരിക്കുന്ന ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ ഡ്യൂട്ടിവ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനിച്ചു.

ചീഫ് എഞ്ചിനീയർ ആഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആർ. സംഗീത് -നെ എസ്റ്റേറ്റ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ അയും എസ്റ്റേറ്റ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. മഹാദേവൻ -നെ ചീഫ് എഞ്ചിനീയർ ആഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയും ഡ്യൂട്ടി വ്യവസ്ഥയിൽ പരസ്പരം സ്ഥലംമാറ്റിയും ചെങ്ങന്നൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജി. സന്തോഷ് -നെ അമ്പലപ്പുഴ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയും പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എസ്. വിജയമോഹൻ -നെ ചെങ്ങന്നൂർ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയും ശബരിമല അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. ഹരീഷ് കുമാർ - നെ പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ ആയും ഡ്യൂട്ടിവ്യവസ്ഥയിൽ സ്ഥലംമാറ്റിയും ഉത്തരവാകുന്നു.

ടി ഡ്യൂട്ടി വ്യവസ്ഥയിലെ സ്ഥലംമാറ്റങ്ങൾ അടിയന്തിരത്തിൽ നടപ്പിലാക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ) നെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

(മറുപുറം)

EOP

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
7. അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റേറ്റ് ഡിവിഷൻ/ചെങ്ങന്നൂർ/അമ്പലപ്പുഴ/പമ്പ/ശബരിമല
8. അസിസ്റ്റന്റ് എഞ്ചിനീയർ, മരാമത്ത് സെക്ഷൻ, ബോർഡ് ആഫീസ്.
9. The incumbents
10. ഇ.ഡി.പി. സെക്ഷൻ
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK